"ഭരണഭാഷ-മാതൃഭാഷ"

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(റവന്യൂ കോംപ്ളക്സ്, പബ്ളിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം തിരുവനന്തപുരം)
(ഹാജർ: എ.റ്റി.ജയിംസ്.ഐ.എ.എസ്)

നം.എൽ.ആർ.ഇ8-32841/17 തീയതി: 31.08.2017

വിഷയം: ജീവനക്കാര്യം-നിറുത്തലാക്കപ്പെട്ട എൽ.എ കെ.ആർ.പി ആഫീസുകളിലെ ജീവനക്കാരുടെ പുനർവിന്യാസം -ഉത്തരവ് പുറപ്പെടുവിക്കുന്നത്

പരാമർശം:
1.ജി.ഒ.(ആർ.റ്റി) നം. 2788/2017/ആർ.ഡി.തീയതി 22.06.2017
2.ജി.ഒ.(ആർ.റ്റി) നം. 2457/2017/ആർ.ഡി.തീയതി 30.05.2017
3.ജി.ഒ.(ആർ.റ്റി) നം. 2541/2017/ആർ.ഡി.തീയതി 03.06.2017
4.ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.06.2017ലെ എൽ.ആർ.ഇ8-32841/2017 നമ്പർ നടപടി ക്രമം
5.വയനാട് ജില്ലാ കളക്ടറുടെ ലെ 26.07.2017 തീയതിയിലെ എ2/2017/10704/12 നമ്പർ കത്ത്.
6 ലാൻഡ് റവന്യൂ കമ്മീഷണറുടെ 10.07.2017ലെ എൽ.ആർ എൻ2 32935/2016 നമ്പർ നടപടിക്രമം
7. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ 21.07.2017 ലെ എൽ.ആർ എൻ3 36841/17 നമ്പർ കത്ത്

*******************

പരാമർശം (1) പ്രകാരം സ്പെഷ്യൽ തഹസീൽദാർ.എൽ.എ.കെആർ.പി, കൽപ്പറ്റ, വയനാട് , സ്പെഷ്യൽ തഹസീൽദാർ.എൽ.എ ഗുരുവായൂർ ദേവസ്വം, സ്പെഷ്യൽ തഹസീൽദാർ. എൽ.എ (എയർപോർട്ട്) മട്ടന്നൂർനം.3 എന്നീ ആഫീസുകൾ നിറുത്തലാക്കുന്നതിനും ടി ആഫീസുകളിലെ തസ്തികകൾ പരാമർശം (2),(3) പ്രകാരം പുതിയതായി അനുവദിച്ച ആഫീസുകളിലേക്ക് പുനർവിന്യസിക്കാനും ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം തസ്തികകൾ പുനർവിന്യസിച്ചു കൊണ്ടും ജീവനക്കാർക്ക് ഉചിതമായ നിയമനം നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകികൊണ്ടും ഉത്തരവായിരുന്നു. പുനർവിന്യസിക്കുമ്പോൾ വയനാട് ജില്ലയിലെ നിർത്തലാക്കപ്പെട്ട കെ.ആർ.പി കല്പറ്റ ആഫീസിലെ ഒരു ജൂനിയർ സൂപ്രണ്ട്, ഒരു യുഡിസി/ എസ്‌വിഒ, ഒരു ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ പുനർവിന്യസിക്കുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി തസ്തികകൾ താൽക്കാലികമായി മാനന്തവാടി ആർ.ഡി. ഒ യുടെ കാര്യാലയത്തിൽ നില നിറുത്തുന്നതിനും സർക്കാരിൽ നിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഉത്തരവായിരുന്നു. ഇപ്രകാരം പുനർ വിന്യസിക്കപ്പെടുമ്പോൾ

വയനാട് ജില്ലയിലെ ഒരു ചെയിൻമാൻ ഒരു ആഫീസ് അറ്റൻഡന്റ് ഒരു വില്ലേജാഫീസർ എന്നിവർക്ക് നിയമനം നൽകാൻ കഴിയാതെ വരുമെന്നും മാനന്തവാടി ആർ ഡി ഒ യുടെ കാര്യാലയത്തിൽ നില നിർത്തിയ തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടാകുമെന്നും ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവും നിർദ്ദേശവും ഉണ്ടാകണമെന്നും സൂചന (5) പ്രകാരം വയനാട് ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

മാനന്തവാടി ആർ.ഡി.ഒ യുടെ കാര്യാലയത്തിൽ നിലനിർത്തിയിരുന്ന ഒരു ടൈപ്പിസ്റ്റിന്റെ തസ്തികയിലെ ജീവനക്കാരിക്ക് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പ്രമോഷൻ നൽകി മലപ്പുറം ജില്ലയിലെ നിലവിലുള്ള ഒഴിവിൽ സൂചന(6) പ്രകാരം നിയമിച്ചിട്ടുണ്ട്.കൂടാതെ ഒരു ചെയിൻമാൻ, ഒരു ആഫീസ് അറ്റൻഡന്റ് എന്നിവർക്ക് നിലവിലുള്ള ലീവ് വേക്കൻസികൾ/സമാന തസ്തികയിലുള്ള ഒഴിവുകൾ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കാൻ പരാമർശം (7) പ്രകാരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തസ്തിക ഒഴിവ് ഇല്ലാത്തതു കാരണം നിയമനം നൽകാൻ കഴിയാത്ത ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട്, എച്ച് സി/ആർ.ഐ/വി.ഒ തസ്തികകളിലെ വയനാട് ജില്ലയിലെ ജൂനിയർ മോസ്റ്റായ ജീവനക്കാരെ യഥാക്രമം കോഴിക്കോട്, കാസർകോഡ് ജില്ലകളിലേക്ക് മാറ്റി നിയമിച്ചു കൊണ്ടും, യു.ഡി.സി/എസ്.വി.ഒ യെ വയനാട് ജില്ലയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നതിനും ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)

കമ്മീഷണർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ& ഇ),കേരള (ആമുഖ കത്ത് സഹിതം)
2. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ജില്ലാ കളക്ടർ വയനാട്,കോഴിക്കോട്,കാസർകോഡ്
4. സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
6. സി.എ കമ്മീഷണർ/ജോയിന്റ് കമ്മീഷണർ
7. സ്റ്റേറ്റ് ഐറ്റി. സെൽ
8. അധിക പകർപ്പ്/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്